**MOSC/CMM/214/2015**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ മുംബൈ മെത്രാസനത്തിലെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മുംബൈ മെത്രാസനത്തിൽ ഈ അടുത്ത കാലത്തുണ്ടായ വിഷയങ്ങളും, അതിന്മേലുണ്ടായ നടപടികളും 2015 സെപ്റ്റംബർ മാസം 15-ാം തീയതി കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പരിഗണിക്കുകയുണ്ടായി. അഭിവന്ദ്യ ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ സമർപ്പിച്ച വിശദീകരണം പരിഗണിച്ച് ഈ വിഷയം അവസാനിപ്പിക്കുന്നതിന് സുന്നഹദോസ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ **2015 September 05**-ാം തീയതിയിലെ **MOSC/CMM/205/2015** നമ്പർ കൽപന മുഖാന്തിരം അഭിവന്ദ്യ ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായിൽ നിന്നും താത്കാലികമായി നാം ഏറ്റെടുത്ത എല്ലാ ചുമതലകളും ഇന്നുമുതൽ അദ്ദേഹത്തെ തിരികെ ഭരമേൽപിച്ചിരിക്കുന്ന വിവരം ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

പരിശുദ്ധ സഭയുടെ സത്യവിശ്വാസത്തിനും, ലിഖിതവും അലിഖിതവുമായ പാരമ്പര്യങ്ങൾക്കും, കാനോനാകൾക്കും അനുസൃതമായും സഭയോടുള്ള പൂർണ്ണ വിധേയത്വത്തിലും തുടർന്നും നിലനിൽക്കണമെന്ന് നിങ്ങളേവരോടും നാം നിർബ്ബന്ധപൂർവ്വം ആവശ്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2015 സെപ്റ്റംബർ മാസം 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.